**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **10-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | രണ്ട് വർഷം മുൻപ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് സർവെ സബ്ഡിവിഷൻ ജോലികൾ 90% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തിയുടെ 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ BVR, DVS എന്നിവയിൽ ജില്ലാ കലക്ടറുടെ അംഗീകാരം ലഭ്യമായ ശേഷം നഷ്ടപരിഹാരം കണക്കാക്കി പ്രസ്തുത തുക അർത്ഥനാധികാരിയിൽ നിന്നും അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. |
| (സി) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, റോഡ് തകരാറിലായി ഗതാഗത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, അടിയന്തരമായി ഉദ്യോഗസ്ഥരെ നിയോഗിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ലാന്റ് അക്വിസിഷൻ ഓഫീസറുടെ കാര്യാലയത്തിൽ വിവിധ സർവെ ജോലികൾക്കായി 3 സർവെയർമാരാണ് ഉള്ളത്. ഈ 3 സർവെയർമാരെയും കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിന്റെ സർവെ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ